"ഭരണഭാഷ-മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## ധനകാര്യ (വ്യയം-ബി) വകുപ്പ്

നം.87/2019-ധന തീയതി, തിരുവനന്തപുരം 23/10/2019.

## സർക്കുലർ

വിഷയം: വകുപ്പുകൾ എടുക്കുന്ന താൽക്കാലിക അഡ്വാൻസ് തുക നിർദ്ദിഷ്ട കാലപരിധിയ്ക്കകം സെറ്റിൽ ചെയ്യുന്നതിനു കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന : 1. 4/10/2011 ലെ സ.ഉ.(അ) 419/2011/ധന നമ്പർ ഉത്തരവ്
2. 3.06.2019 ലെ ട്രഷറി ഡയറക്ടറുടെ കത്ത് നം.എം & ഇ 3/16035/1819

കേരള ഫിനാൻഷ്യൽ കോഡ് Vol -1, Article 99 അനുസരിച്ച് വിവിധ സർക്കാർ വകുപ്പുകൾക്ക് അനുവദിക്കുന്ന താത്ക്കാലിക അഡ്വാൻസ്, ഏറ്റവും ചുരുങ്ങിയ കാലാവധിക്കുള്ളിൽ വിശദമായ ബില്ലുകളും വൗച്ചറുകളും സമർപ്പിച്ച് സെറ്റിൽ ചെയ്യേണ്ടതാണ്. സൂചന 1 ലെ ഉത്തരവ് അനുസരിച്ച് ഫൈനൽ ബിൽ നല്കുന്നതിനുള്ള സമയപരിധി 3 മാസം ആയി നിശ്ചയിക്കുകയും അതിന് ശേഷം 18% പലിശ നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പല ഡി.ഡി.ഒ മാരും കേരള ഫിനാൽഷ്യൽ കോഡ് പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ലായെന്ന് സൂചന രണ്ട് പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഇപ്രകാരം സമയപരിധിക്കുള്ളിൽ അഡ്വാൻസ് ബില്ലുകൾ സെറ്റിൽ ചെയ്യാതിരിക്കുന്നത് ഓഡിറ്റ് ഒബ്ജക്ഷന് കാരണമാകുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ താത്ക്കാലിക അഡ്വാൻസ് തുക സെറ്റിൽ ചെയ്യുന്നതിനുള്ള കാലപരിധി 3 മാസം ആയി നിജപ്പെടുത്തുകയും അതിനു ശേഷം 18% പലിശ നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സൂചന ഒന്നു പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ

കർശനമായി പാലിക്കണമെന്ന് എല്ലാ ഭരണ വകുപ്പുകൾക്കും, എല്ലാ വകുപ്പ് തലവന്മാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**നിത കുമാരി.റ്റി**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ തലവന്മാർക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
✓നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-1312716)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ